**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 877** **02-02-2026 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷകൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് കൊല്ലംകോട് ട്രൈബൽ ഓഫീസിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വിദ്യാഭ്യാസ ധനസഹായത്തിനായി നൽകിയ അപേക്ഷകൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പാലക്കാട് കൊല്ലംകോട് ട്രൈബൽ ഓഫീസിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വിദ്യാഭ്യാസ ധനസഹായത്തിനായി നൽകിയ അപേക്ഷകൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയിട്ടുണ്ട്. 2024 ൽ പ്രത്യേക പ്രോത്സാഹന ധനസഹായം ലഭ്യമാക്കുന്നതിനായി കൊല്ലങ്കോട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് പരിധിയിൽ വിവിധ ഉന്നതികളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പൂരിപ്പിച്ച അപേക്ഷകളും അനുബന്ധ രേഖകളും പാലക്കാട് മലബാർ ഹോസ്പിറ്റലിനും, യാക്കര ജംഗ്ഷനും ഇടയിലുള്ള പുഴയോരത്ത് നിന്നും കെ.എസ്.ഇ.ബി ജീവനക്കാർ വഴി ലഭിക്കുകയും പാലക്കാട് റ്റി.ഡി.ഒ കൊല്ലങ്കോട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് മുഖേന പരിശോധിക്കുകയും ലഭ്യമായ 13 അപേക്ഷകരിൽ അർഹരായ 11 അപേക്ഷകർക്ക് പ്രോത്സാഹന ധനസഹായം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എസ്. എസ്. എൽ. സി., പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾ എസ്. ടി. പ്രമോട്ടർമാർ വഴി നൽകിയ അപേക്ഷകൾ ഇപ്രകാരം ഉപേക്ഷിക്കപ്പെട്ടതു സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നോ; കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | വിദ്യാഭ്യാസ ആനുകൂല്യ അപേക്ഷകൾ പുഴയോരത്തു നിന്നും കിട്ടിയത് സംബന്ധിച്ച് പാലക്കാട് ടി.ഡി.ഒ.യുടെ 26.11.2025, 28.11.2025, 05.12.2025 തീയതികളിലെ TDOPKD/283/2025-A കത്തുകൾ പ്രകാരം അന്വേഷണ റിപ്പോർട്ടുകൾ ലഭിക്കുകയും ആയതു പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹന ധനസഹായം യഥാസമയം ഓഫീസിൽ ലഭ്യമാക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ഭാഗത്ത് നിന്ന് ശ്രദ്ധക്കുറവ് ഉണ്ടായെന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിലെ കൊല്ലംങ്കോട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറെ സ്ഥലം മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ അപേക്ഷ സ്വീകരിച്ച് |

| | | | |
|---|---|---|---|
| | | | **തുടർനടപടി സ്വീകരിക്കാതെ ഉപേക്ഷിച്ച കമ്മിറ്റഡ് സോഷ്യൽ വർക്കറെ ചുമതലയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.** |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | **ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജില്ലാതല ഉദ്യോഗസ്ഥരായ പ്രൊജക്ട് ഓഫീസർ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ, ഫീൽഡ് തല ഉദ്യോഗസ്ഥർ എന്നിവർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ